VI. 113-ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം

സ്കൂൾ ബാഗുകളുടെ അമിതഭാരം

മി. സ്പീക്കർ: ഹൈസ്കൂൾ വിദ്യാർഥികളുടെ ബാഗുകളുടെ അമിതഭാരം മൂലമുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച ഹർജി ശ്രീ. കെ. കെ. വത്സരാജിന് സമർപ്പിക്കാവുന്നതാണ്.

ശ്രീ. കെ. കെ. വത്സരാജ്: സർ, ഹൈസ്കൂൾ വിദ്യാർഥികളുടെ ബാഗുകളുടെ അമിതഭാരം മൂലമുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ എറിയാട് ഗവൺമെന്റ് കേരളവർമ്മ ഹയർ സെക്കൻഡറി സ്കൂൾ ലീഡർ ശ്രീ. മുംതസീർ എം. ഒപ്പിട്ട ഹർജി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ചയില്ല.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ഇതിൽ ചർച്ചയില്ലെങ്കിപ്പോലും ഇതൊരു പൊതുതാൽപര്യമുള്ള വിഷയമാണ്. സ്കൂൾ കുട്ടികളുടെ ബാഗുകളുടെ അമിതഭാരം കുറയ്ക്കണമെന്നുള്ളതാണ് ആവശ്യം. ഇത് വകുപ്പിന്റെ

പരിഗണനയിലുള്ളതാണ്. ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നതിനുവേണ്ടി 24-11-2026-ന് ഒരു യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുമുമ്പും ഒരു യോഗത്തിൽ ഇത് ചർച്ച ചെയ്തതാണ്. മാസാടിസ്ഥാനത്തിലുള്ള പാഠഭാഗങ്ങൾ അല്ലെങ്കിൽ അർധവാർഷിക അടിസ്ഥാനത്തിലുള്ള പാഠഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുക എന്നുള്ളതാണ് സ്കൂൾ കുട്ടികളുടെ ബാഗുകളുടെ അമിതഭാരം കുറയ്ക്കാനുള്ളൊരു പരിഹാരം. അത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതുപോലെ കനം കുറഞ്ഞ പേപ്പർ ഉപയോഗിച്ച് പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യാൻ കഴിയുമോയെന്നും സർക്കാരും വകുപ്പും ആലോചിക്കുന്നുണ്ട്. അടുത്ത മാസം 24-ാം തീയതി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചിട്ടുമുണ്ട്.

മി. സ്പീക്കർ: പ്രോപ്പർ ആയി റെസ്പോണ്ട് ചെയ്തല്ലോ.